(ബി) അപ്ന-ഘർ പദ്ധതിക്കുവേണ്ടി 2013-14 സാമ്പത്തിക വർഷത്തിൽ 2.5 കോടിരൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 3 കോടിരൂപയും അനുവദിച്ചു. 2015-16 സാമ്പത്തിക വർഷത്തിലെ 3 കോടിരൂപയുള്ള ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു. ഇതുവരെ അനുവദിച്ച 5.5 കോടി രൂപയിൽ 3 കോടിരൂപ ചെലവായിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ള മൈഗ്രന്റ് ലേബേഴ്സ് രജിസ്റ്ററിലെ കണക്കുകൾ പ്രകാരം 134177-ൽപ്പരം ഇതര സംസ്ഥാന തൊഴിലാളികൾ 2015 ഒക്ടോബർ 30 വരെ സംസ്ഥാനത്ത് എത്തിയതായി കണക്കാക്കുന്നു. എന്നാൽ 2010-ലെ കടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം നാളിതുവരെ ഇതര സംസ്ഥാന തൊഴിലാളികളായ 52422 പേർക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. തൊഴിൽ വകുപ്പിനുവേണ്ടി 2015-ൽ ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠന റിപ്പോർട്ട് പ്രകാരം 2500000 അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ജോലി ചെയ്യുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

ബീഡി ഉല്പാദകർ

194 (2474) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഹകരണ സംഘങ്ങൾ ഉൾപ്പെടെ എത്ര ബീഡി ഉല്പാദകർ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) നിലവിൽ എത്ര തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ടെന്നും ഏതൊക്കെ ഉല്പാദകരുടെ കീഴിലാണ് ജോലി ചെയ്യുന്നതെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോട്ടലുകൾ എന്നീ തൊഴിൽ മേഖലകളിലെ പരിശോധനകൾ

195 (2475) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ടെക്സ്റ്റൈൽ ഷോപ്പുകളിലും ഹോട്ടലുകളിലും അന്യ സംസ്ഥാനത്തു നിന്നുമുള്ള ജീവനക്കാരെ ജോലിക്കായി നിയോഗിക്കുമ്പോൾ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇവർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം ലഭിക്കുന്നുണ്ടോയെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരം തൊഴിലിടങ്ങളിൽ ജീവനക്കാർക്ക് യാതൊരു വിധ അടിസ്ഥാന സൗകര്യങ്ങളും പലപ്പോഴും ലഭ്യമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ തൊഴിൽ സാഹചര്യം പരിശോധിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള പരിശോധനകൾ പ്രസ്തുത സ്ഥാപനങ്ങളിൽ ക്രമമായ ഇടവേളകളിൽ നടത്താറുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്നവർ പ്രത്യേകിച്ച് സ്ത്രീകൾ പലപ്പോഴും തൊഴിൽ ചൂഷണങ്ങൾക്ക് വിധേയമാകുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്തെ ഹോട്ടലുകളിലെയും റസ്റ്റോറന്റുകളിലെയും ജീവനക്കാർക്ക് 23-7-2009 തീയതിയിലെ സർക്കാർ ഉത്തരവ് (എം. എസ്) 100/2009 പ്രകാരമുള്ള മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം 8 മണിക്കൂർ ജോലിയും അധിക സമയം ജോലിക്ക് അധിക വേതനവുമാണ് നിഷ്കർഷിച്ചിട്ടുള്ളത്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധന നടത്തുന്ന സമയങ്ങളിൽ അന്യസംസ്ഥാന തൊഴിലാളികൾ അവിടെ ജോലി ചെയ്യുന്നുണ്ടോ യെന്ന് പരിശോധിക്കുകയും മറ്റ് തൊഴിലാളികൾക്ക് നൽകുന്നതുപോലെ അന്യസംസ്ഥാന തൊഴിലാളികൾക്കും മിനിമം വേതനം നൽകുന്നുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യാറുണ്ട്. കൂടാതെ നിയമലംഘനങ്ങൾ കണ്ടെത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ ക്ലെയിം ഉൾപ്പെടെയുള്ള നിയമനടപടികളും സ്വീകരിക്കാറുണ്ട്. സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനും ആയത് ഓൺലൈനായി പരിശോധിക്കുന്നതിനുമായുള്ള വേതന സുരക്ഷാ പദ്ധതിയും നടപ്പിലാക്കി വരികയാണ്.

(ബി) സ്ഥാപനങ്ങളിൽ സ്ക്വാഡ് ഇൻസ്പെക്ഷൻ, പീരിയോഡിക്കൽ ഇൻസ്പെക്ഷൻ എന്നിവ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. കൂടാതെ ജീവനക്കാരിൽനിന്നും ലഭ്യമാകുന്ന പരാതികളുടെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥാപന പരിശോധന നടത്തുകയും തൊഴിൽ നിയമങ്ങൾ ലംഘിക്കുന്ന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ/ക്ലെയിം പെറ്റീഷൻ എന്നിവ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) ഉണ്ട്. 1960-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ നടപടികൾ സ്വീകരിക്കുകയും 16-9-2015-ലെ ജി.ഒ.(പി) നമ്പർ 134/2015/എൽ.ബി.ആർ. നമ്പർ ഉത്തരവ് പ്രകാരം തൊഴിലാളികൾക്ക് നിയമന ഉത്തരവ് നൽകണമെന്നും ആവശ്യമായ വിശ്രമസ്ഥലം നൽകണമെന്നും സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ലാട്രിൻ/യൂറിനൽ സംവിധാനം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ സ്ഥാപനങ്ങളിലും കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം റൂൾ 6(B) പ്രകാരം തൊഴിൽ ചൂഷണങ്ങൾക്കെതിരെ ഒരു അഞ്ചംഗ Compliant Committee രൂപീകരിക്കുകയും ആയത് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കുകയും ചെയ്യുന്നതാണ്. അപകടം പിടിച്ച മേഖലയിലുള്ള തൊഴിലാളികൾക്ക് സംരക്ഷണ സാമഗ്രികൾ നൽകണമെന്നും പ്രഥമ ശുശ്രൂഷാ സംവിധാനം ഒരുക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ഇരുപതും അതിൽ കൂടുതലും തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ക്രഷ് സൗകര്യം നൽകണമെന്നും സ്ത്രീ/പുരുഷ തൊഴിലാളികൾക്ക് സൗജന്യമായി താമസ സൗകര്യം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനും ഉറപ്പ് വരുത്തുവാനും എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശംനൽകിയിട്ടുണ്ട്.

ആം ആദ്മി ബീമാ യോജന പദ്ധതി

196 (2476) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ആം ആദ്മി ബീമാ യോജന പദ്ധതിയിലൂടെ എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്;

(സി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly